# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 21 | 2022 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

**വാർത്തയിൽ തിരുത്തു ്**

## ദുരന്ത നിവാരണം : സന്നിധാനത്ത് ജീവനക്കാർക്ക് പരിശീലനം സംഘടിപ്പിച്ചു

ശബരിമല: അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി ശബരിമല സന്നിധാനത്തെ വിവിധ വകുപ്പുതല ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ചേർന്നു സന്നിധാനം ദേവസ്വം കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിശീലന പരിപാടി സന്നിധാനം അഡീഷണൽ ഡിസ്ട്രിക്ട് മജിസ് ട്രേറ്റ് പി. വിഷ്ണുരാജ് ഉദ്ഘാടനം ചെയ്തു. ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനായി സന്നിധാനത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ തയാറായിയിരിക്കണമെന്ന് എ.ഡി.എം. പറഞ്ഞു. ഡ്യൂട്ടി മജിസ്ട്രേറ്റ് **ടി. മുരളി**

അധ്യക്ഷനായി. 2018ൽ തയാറാക്കിയ ശബരിമല അടിയന്തര ഒഴിപ്പക്കൽ പദ്ധതി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്യണമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് നിർദേശിച്ചു. മണ്ഡല-മകരവിളക്ക് മഹോത്സവം സുരക്ഷാവീഴ്ചകളില്ലാതെ നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ വിശദീകരിച്ചു.

യോഗത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുയർന്ന നിർ ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. മണ്ഡല-മകര വിളക്ക് ദർശനത്തിനായി എത്തുന്ന അയ്യപ്പ ഭക്തർക്ക് ദേവസ്വം ബോർഡ് അനുവദിച്ചയിടങ്ങളിൽ മാത്രമേ വിരിവയ്ക്കാൻ അനുവദിക്കു. വൈദ്യുത തകരാറുകൾ മറികടക്കുന്നതിനായി ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് ജനറേറ്ററുകൾ സ്ഥാപിക്കണ മെന്ന് യോഗത്തിൽ കെ.എസ്.ഇ.ബി നിർദ്ദേശിച്ചു. സന്നിധാനത്തും പരിസരപ്രദേശങ്ങളിലെയും ആശയവിനിമയം സുഖമമാക്കാൻ ബി.എസ്.എൻ.എലിന്റെ ടവർശേഷി ഉയർത്തണമെന്നും നിർദേശമുയർന്നു. പൊലീസ്, അഗ്നിരക്ഷാസേന, എൻ.ഡി.ആർ.എഫ്., ആർ.എ. എഫ്, കെ.എസ്.ഇ.ബി, ആരോഗ്യവകുപ്പ് എന്നിവർ സന്നിധാനത്തും പരിസര പ്രദേശങ്ങളിലുമായി ഒരുക്കിയിട്ടുള്ള വിവിധ സുരക്ഷാ നടപടികളെ യോഗം പ്രശംസിച്ചു. സേഫ്റ്റി എൻ ജിനീയർ അഥർവ് സുരേഷ്, ഹസാർഡ്സ് കേർഡിനേറ്റർ ഫഹദ് മർസൂക്ക്, ഡിസാസ്റ്റർ മാനേജ്മെന്റ് വിദഗ്ധൻ കെ.എസ്. സരൺ എന്നിവർ സംസാരിച്ചു. പൊലീസ്, അഗ്നിരക്ഷാ സേന, എൻ.ഡി.ആർ.എഫ്, ആർ.എ.എഫ്. തുടങ്ങി വിവധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

(പി.ആർ. ശബരി - 177)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.